# MONTHLY CURRENT AFFAIRS

# MALAYALAM

## January 2022

GS 1

# സിൽവർ സമ്പത്ത് വ്യവസ്ഥയുടെ വെല്ലുവിളികൾ

## എന്താണ് സിൽവർ സമ്പത്ത് വ്യവസ്ഥ?

ഉത്പാദനവും വിതരണവും ഒരു സമ്പത്ത് വ്യവസ്ഥയിലെ മുതിർന്ന പൗരന്മാർക്കായി നടക്കുമ്പോൾ, മറ്റൊരു തരത്തിൽ പറഞ്ഞാൽ ഉല്പാദനവും വിതരണവും മുതിർന്ന പൗരന്മാരുടെ വാങ്ങൽ ശേഷിയെ അടിസ്ഥാനമാക്കി നടക്കുമ്പോൾ അതിനെ സിൽവർ സമ്പത്ത് വ്യവസ്ഥ എന്ന് പറയാം.

യു.എൻ.ഡി.ഇ.എസ്.എ യുടെ റിപ്പോർട്ട് പ്രകാരം 2010-15 കാലഘട്ടത്തിൽ ഇന്ത്യയുടെ ലൈഫ് എക്സ്പെറ്റൻസി എന്നത് 67.5 വർഷമാണ്. ഇതിന്റെ ആഗോള ശരാശരി എന്നത് 70 വർഷമാണ്. ഈ കാര്യത്തിൽ കൈവരിച്ച നേട്ടം രാജ്യത്ത് മുതിർന്ന പൗരന്മാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകാൻ കാരണമായി മാറി. 2050 ആകുമ്പോഴേക്കും രാജ്യത്തെ മുതിർന്ന പൗരന്മാരുടെ എണ്ണം 300 മില്യൺ ആയി ഉയരും എന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിലും രാജ്യത്ത് മുതിർന്ന പൗരന്മാർ പലതരത്തിലുള്ള പ്രശ്നങ്ങൾ നേരിടുകയാണ്.

## മുതിർന്ന പൗരന്മാരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ വെല്ലുവിളികൾ

- ഏറ്റവും പ്രധാന വെല്ലുവിളി എന്നത് നിലവാരമുള്ള ആരോഗ്യ സേവനം മുതിർന്ന പൗരന്മാർക്ക് യഥാ സമയം ലഭ്യമാക്കുക എന്നതാണ്. ഫിസിയോതെറാപ്പി പോലുള്ള സ്പെഷ്യലൈസ്ഡ് മെഡിക്കൽ സേവനങ്ങൾ വീട്ടിൽ യഥാസമയം ലഭ്യമാക്കാൻ കഴിയേണ്ടതുണ്ട്.

- കുടുംബത്തിൽ നിന്നുള്ള അവഗണന, കുറഞ്ഞ വിദ്യാഭ്യാസ നിലവാരം, സാമൂഹികവും സാംസ്കാരികവുമായ വിശ്വാസങ്ങൾ, തുടങ്ങിയ സാമൂഹിക സാഹചര്യങ്ങൾ മുതിർന്ന പൗരന്മാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ആണ്.

ACHARYA An influential mentor

- നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ 400 മില്യൺ പേർക്കും തങ്ങളുടെ ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട ചെലവുകൾ നിറവേറ്റാൻ ആവശ്യമായ ഇൻഷുറൻസ് സഹായം ലഭിക്കുന്നില്ല.

# GS 2

# വോട്ടർപട്ടികയും ആധാറും ബന്ധിപ്പിക്കപ്പെടുമ്പോൾ

വോട്ടർ പട്ടികയും തെരെഞ്ഞെടുപ്പ് തിരിച്ചറിയൽ രേഖയും ആധാറു'മായി ബന്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഇലക്ഷൻ ലോ ഭേദഗതി ബിൽ(2021 ) ലോക സഭ പാസ്സാക്കുകയുണ്ടായി. കള്ളവോട്ട് തടയുക എന്നതാണ് പ്രധാന ലക്ഷ്യം.

## ബില്ലിലെ പ്രധാന പോയന്റുകൾ

ACHARYA
An influential mentor

- 1950 ലെ ജനപ്രാതിനിത്യ നിയമം ഭേദഗതി ചെയ്തുകൊണ്ടാണ് വോട്ടർ പട്ടികയും തെരെഞ്ഞെടുപ്പ് തിരിച്ചറിയൽ രേഖയും ആധാറു'മായി ബന്ധിപ്പിക്കുന്നത് സാധ്യമാക്കുന്നത്.

- വിവിധ മണ്ഡലങ്ങളിലെ വോട്ടർ പട്ടികയിൽ ഒരേ വ്യക്തികളുടെ പേര് ചേർക്കപ്പെടുന്നത് തടയുകയാണ് പ്രധാന ലക്ഷ്യം.

- ജനപ്രാധിനിത്യ നിയമത്തിലെ 'വൈഫ് ഓഫ് സർവീസ് വോട്ടർ' എന്ന പ്രയോഗം സ്പൗസ് എന്നാക്കി മാറ്റുന്നു.

- 18 വയസ്സ് കഴിഞ്ഞവരെ വോട്ടർ പട്ടികയിൽ ചേർക്കാൻ വർഷത്തിൽ നാല് തവണ സമയം നൽകുന്നു.

## ഗുണങ്ങൾ

- ആധാറുമായി ബന്ധിപ്പിക്കുന്നതോടെ ഒരാൾക്ക് ദൂരസ്ഥലങ്ങളിൽ നിന്നും വോട്ട് രേഖപ്പെടുത്താനാകും. അത് കുടിയേറ്റ തൊഴിലാളികൾക്ക് സഹായകരമാകും.

- 'സ്പൗസ്' എന്ന പ്രയോഗം ജെണ്ടർ ന്യുട്രാലിറ്റി നൽകുന്നു.

- കള്ളവോട്ട് തടയുന്നു.

## ദോഷങ്ങൾ

- ആധാർ സമർപ്പിക്കാൻ സാധിക്കാത്തപക്ഷം അവർക്കുള്ള നിബന്ധനകൾ തീരുമാനിക്കാനുള്ള അധികാരം സർക്കാറിനാകും.

- 18 വയസ്സ് പൂർത്തിയായ എല്ലാവരും വോട്ട് ചെയ്യുന്ന സാഹചര്യം ഉണ്ടാക്കാനായി സർക്കാരുകൾ കഠിനമായി ശ്രമിക്കുന്ന സാഹചര്യത്തിൽ ഇവിടെ ആധാർ ഇല്ല എന്നത് വോട്ടർ പട്ടികയിൽ നിന്നും മാറി നിൽക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന ഒന്നായി മാറും.

- നിലവിൽ ഇലക്ടറൽ ഡാറ്റ സൂക്ഷിക്കുന്നത് തെരെഞ്ഞെടുപ്പ് കമ്മീഷനാണ്. ആധാറുമായി ബന്ധിപ്പിക്കപ്പെടുമ്പോൾ അത് യു.ഐ.ഡി എ.ഐ ക്കും ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകും. അത് സ്വകാര്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

ACHARYA
An influential mentor

# താലിബാനെ സ്വാധീനിക്കാനുള്ള മധ്യേഷ്യൻ ശ്രമങ്ങൾ ( ' ദി ഹിന്ദു പത്ര'ത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്)

അഫ്ഗാനിസ്ഥാനിലെ പ്രതിസന്ധികൾ ചർച്ച ചെയ്യാനായി ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കണ്ട്രീസി'ന്റെ ഒരു യോഗം ഈയിടെ പാകിസ്ഥാനിൽ നടക്കുകയുണ്ടായി. താലിബാനും ചർച്ചയിൽ പങ്കെടുത്തു. അഫ്ഗാനിസ്ഥാനിൽ നിലവിൽ ക്ഷാമം ഉൾപ്പെടെ മാനുഷിക പ്രശ്നങ്ങൾ അതിന്റെ മൂർധന്യത്തിൽ നിൽക്കുകയാണ്. ഈയിടെ ഇന്ത്യ ആതിഥ്യം വഹിച്ച, മധ്യേഷ്യൻ രാജ്യങ്ങളുടെ വിദേശമന്ത്രിമാരുടെ യോഗത്തിലും പ്രധാന ചർച്ചാവിഷയം

അഫ്ഗാനിസ്ഥാനിലെ പ്രതിസന്ധി ആയിരുന്നു എന്ന് മാത്രമല്ല ആ യോഗത്തിൽ പങ്കെടുത്തവരും പ്രധാനമായും ഓ.ഐ.സി അംഗരാജ്യങ്ങൾ ആയിരുന്നു. അഫ്ഗാനിസ്ഥാൻ വിഷയത്തിൽ ഓ.ഐ.സി രാജ്യങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം നിലവിലുണ്ട്. താലിബാന്റെ നേതൃത്വത്തിലുള്ള അഫ്ഗാനിസ്ഥാനിൽ സ്വാധീനം ഉറപ്പിക്കാനുള്ള ശ്രമങ്ങളാണ് അതിന് പിന്നിൽ.

## ഖത്തറിന്റെ വർധിച്ചു വരുന്ന സ്വാധീനം.

സൗദി അറേബിയയും യു.എ.ഇ യുമായിരുന്നു ആദ്യത്തെ താലിബാൻ സർക്കാരിനെ ഔദ്യോഗികമായി അംഗീകരിച്ച രാജ്യങ്ങൾ. എന്നാൽ ഇപ്പോൾ കാര്യങ്ങൾ വ്യത്യസ്തമാണ്. ചെറുതാണെങ്കിലും സാമ്പത്തികമായി ഉയർന്ന രാജ്യമായ ഖത്തർ ഇന്ന് അഫ്ഗാൻ വിഷയത്തിൽ മധ്യസ്ഥത എന്ന സ്ഥാനം വഹിച്ചുവരികയാണ്. അഫ്ഗാനിസ്ഥാൻ വിഷയത്തിൽ ഖത്തർ വഹിക്കുന്ന ഈ പുതിയ സ്ഥാനം അവർക്ക് ആഗോള തലത്തിൽ നയപരമായി വലിയ സ്ഥാനം നേടിക്കൊടുക്കുന്നുണ്ട്. ഖത്തറിന്റെ ഈ വളർച്ച മേഖലയിൽ ചില അസ്വസ്ഥതകൾ സൃഷ്ടിക്കുന്നുണ്ട്. മുസ്ലിം ബ്രദർഹുഡ് പോലുള്ള സംഘടനകൾക്ക് ഖത്തർ ഭരണകൂടം പിന്തുണ നൽകുന്നതിനെതിരെ മേഖലയിലെ പരമ്പരാഗത ശക്തികളായ സൗദി അറേബിയയും യു.എ.ഇ യും ശക്തമായി പ്രതികരിക്കുകയാണ്.

ACHARYA
An influential mentor

2017 ൽ സൗദി അറേബിയയും യു.എ.ഇ യും ഖത്തറിനെതിരെ ഉപരോധം നടപ്പാക്കിയിരുന്നു. 2021 ൽ ഉപരോധം അവസാനിപ്പിക്കുകയുണ്ടായി. എന്നാൽ ഈ നാല് വർഷത്തിനിടെ മേഖലയിലെ വിഷയങ്ങൾ വലിയരീതിയിൽ മാറുകയുണ്ടായി. ഖത്തർ ഉപരോധത്തെ വിജയകരമായി മറികടക്കുകയും തുർക്കിയുമായും ഇറാനുമായും അടുക്കുകയും ചെയ്തു. ഖത്തർ ഭരണകൂടത്തിനെതിരെയുള്ള ഭീഷണികൾ ചെറുക്കാനായി തുർക്കിയുടെ ഭാഗത്ത് നിന്ന് ശക്തമായ ഇടപെടലുകളും ഉണ്ടായി. ഇന്ന് അഫ്ഗാനിസ്ഥാനിലെ വിമാനത്താവളങ്ങൾ ഏറ്റെടുത്തു നടത്താനായി ഖത്തറും തുർക്കിയും സംയുക്തമായി ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

മേഖലയിൽ ഖത്തറിന്റെ വളർന്നു വരുന്ന സ്വാധീനം അവരെ അമേരിക്കയുമായി അടുപ്പിക്കാനുള്ള സാധ്യതകളും വളർത്തുകയാണ്. ഇത് തടയാനായി കഴിഞ്ഞ ഓ.ഐ.സി സമ്മേളനത്തിൽ സൗദി പ്രധാന പങ്കു വഹിക്കുകയും ചെയ്തു. മാത്രമല്ല പാകിസ്ഥാനുമായുള്ള പ്രശ്നങ്ങൾ സൗദി പരിഹരിച്ചുവരികയുമാണ്. എന്നാൽ താലിബാനുമേൽ സ്വാധീനം ഉറപ്പിക്കാനുള്ള പാകിസ്ഥാന്റെ ശ്രമം വിഷയം കൂടുതൽ സങ്കീർണമാക്കുകയാണ് ചെയ്യുന്നത്.

# മാരിറ്റൽ റേപ്പ് ക്രിമിനൽ കുറ്റമാകണമെന്നാവശ്യപ്പെട്ട് ഹർജി

മാരിറ്റൽ റേപ്പ് ക്രിമിനൽ കുറ്റമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി ദൽഹി ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. ഇന്ത്യൻ ശിക്ഷ നിയമത്തിലെ വകുപ്പ് 375 ൽ ഭദഗതി വേണമെന്നാണ് ആവശ്യപ്പെടുന്നത്.

## മാരിറ്റൽ റേപ്പുമായി ബന്ധപ്പെട്ട ചില വസ്തുതകൾ

- ഐക്യരാഷ്ട്ര സഭയുടെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ വിവാഹം കഴിഞ്ഞ സ്ത്രീകളിൽ മൂന്നിൽ രണ്ടു പേരും പീഡനത്തിനോ നിർബന്ധപൂർവമുള്ള ലൈംഗിക ബന്ധത്തിനോ ഇരയാകുന്നുണ്ട്.

- ലോകത്തിൽ 104 രാജ്യങ്ങൾ മാരിറ്റൽ റേപ്പ് ക്രിമിനൽ കുറ്റമാക്കിയിട്ടുണ്ട്. എന്നാൽ ഇന്ത്യയും ചൈനയും പാകിസ്ഥാനും ഉൾപ്പെടെയുള്ള ചില രാജ്യങ്ങളിൽ ഇപ്പോഴും മാരിറ്റൽ റേപ്പ് നിയമപരമായി അനുവദനീയമാണ്.

## മാരിറ്റൽ റേപ്പുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ നിയമവ്യവസ്ഥ

ഇന്ത്യൻ ശിക്ഷ നിയമത്തിലെ വകുപ്പ് 375 പ്രകാരം ഭാര്യക്ക് പതിനഞ്ച് വയസ്സിന് മേലെ പ്രായമുണ്ടെങ്കിൽ അവളുമായി നിർബന്ധപൂർവ്വം ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് കുറ്റകരമല്ല.

## ഇതുണ്ടാക്കുന്ന പ്രശ്നങ്ങൾ

തുല്യത, സ്വയം പ്രകടിപ്പിക്കാനും തീരുമാനിക്കാനുമുള്ള അവകാശം തുടങ്ങി സ്ത്രീകളുടെ നിരവധി മൗലികാവകാശങ്ങൾ ഇവിടെ ലംഘിക്കപ്പെടുന്നു സാഹചര്യമുണ്ടാകുന്നു.

# യൂറോപ്യൻ യൂണിയന്റെ ഇൻഡോ-പസഫിക് നയം

യൂറോപ്പിന് ഏഷ്യയുമായുള്ള ബന്ധം പുരാതനവും ശക്തവുമായ ഒന്നാണ്. യൂറോപ്പ് ഏഷ്യയെ വിലയിരുത്തുന്നത് ദേശീയവും മേഖലാപരവുമായ

ACHARYA
An influential mentor

കാഴ്ചപ്പാടോടെയാണ്. 2018 മുതലെങ്കിലും യൂറോപ്യൻ യൂണിയനിലെ രാജ്യങ്ങളായ ജർമ്മനി, ഫ്രാൻസ്, നെതർലാൻഡ് തുടങ്ങിയ ചില രാജ്യങ്ങൾ സ്വന്തം നിലക്ക് ഇൻഡോ-പസഫിക് നയം പ്രഖ്യാപിച്ചത് ഇതിന് തെളിവാണ്.

നിലവിൽ യൂറോപ്യൻ യൂണിയൻ ചൈനയുടെ കടന്നുകയറ്റ സമീപനത്തെയും ഒപ്പം സാമ്പത്തികപരമായ മുന്നേറ്റത്തെയും നിരീക്ഷിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ ഇൻഡോ-പസഫിക് മേഖലയിൽ സഹകരിച്ചുപ്രവർത്തിക്കേണ്ടതുമായി ബന്ധപ്പെട്ട നയം യൂറോപ്യൻ യൂണിയൻ പ്രഖ്യാപിച്ചത് ശ്രദ്ധേയമായ ഒന്നാണ്. ചട്ടങ്ങളെയും നിയമങ്ങളെയും അടിസ്ഥാനമാക്കിയുള്ള അന്താരാഷ്ട്രക്രമം, വ്യാപാരത്തിന്റെയും നിക്ഷേപങ്ങളുടെയും കാര്യത്തിൽ എല്ലാ തത്പരകക്ഷികളെയും ഉൾക്കൊള്ളുന്ന നയങ്ങളും നടപടികളും പ്രോത്സാഹിപ്പിക്കുക, സുസ്ഥിരവികസന ലക്ഷ്യങ്ങൾ, ബഹുരാഷ്ട്ര-സഹകരണം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ് യൂറോപ്യൻ യൂണിയന്റെ പുതിയ ഇൻഡോ-പസഫിക് നയം.

യൂറോപ്യൻ യൂണിയനെ സംബന്ധിച്ചിടത്തോളം അമേരിക്കയുടെയോ ചൈനയുടെയോ സൈനികബലം ഇല്ലാത്തതുകൊണ്ടുതന്നെ ഇൻഡോ-പസഫിക്ക് മേഖലയിലെ ഇടപെടലിൽ ഈ പോരായ്മ പരിഹരിക്കാൻ മേഖലയുമായുള്ള സാമ്പത്തികപരമായ ബന്ധത്തിന് ഊന്നൽ കൊടുക്കേണ്ടിവരും. അതിന് ഈ മേഖലയിൽ നിലവിൽ നല്ല ബന്ധം നിലനിൽക്കുന്ന ഫ്രാൻസിന് പുതിയ നയത്തിൽ ആവശ്യത്തിന് സ്ഥാനം കൊടുക്കേണ്ടതുണ്ട്.

ലോകത്തിലെ പ്രധാന സാമ്പത്തിക ശക്തി എന്ന നിലക്ക് യൂറോപ്യൻ യൂണിയന് മേഖലയിലെ രാജ്യങ്ങളായ ആസ്ത്രേലിയ, ന്യൂസീലൻഡ്, ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങളുമായി വിജയകരമായ സാമ്പത്തിക കൂട്ടുകെട്ടുകൾ ഉണ്ടാക്കിയെടുക്കാനുള്ള വലിയ അവസരം തന്നെയുണ്ട്. എന്നാൽ അതിന് യൂറോപ്യൻ യൂണിയൻ വലിയതോതിലുള്ള സാമ്പത്തികസഹായവും ഒപ്പം സാങ്കേതികസഹായവും വാഗ്ദാനം ചെയ്യേണ്ടതുണ്ട്.

## ഇന്ത്യയോടും ചൈനയോടുമുള്ള സമീപനം

ഈ വിഷയത്തിൽ യൂറോപ്യൻ യൂണിയനിൽ ഒരേ അഭിപ്രായം നിലനിൽക്കുന്നില്ല. ഒരു വിഭാഗം ചൈന ഒരു വലിയ സാമ്പത്തിക-അവസരം ഒരുക്കുന്നുണ്ടെന്ന് വിശ്വസിക്കുമ്പോൾ മറുവിഭാഗം ചൈനയെ ഒരു ഭീഷണിയായി കാണുന്നു. അവർ വിശ്വസിക്കുന്നത് ചൈനയുടെ

അപ്രമാദിത്വമോ ഒരു ശീതയുദ്ധത്തിലേക്ക് നയിച്ചേക്കാവുന്ന അമേരിക്ക-ചൈന ധ്രുവങ്ങളോ യൂറോപ്യൻ യൂണിയന്റെ താല്പര്യങ്ങൾക്ക് അനുകൂലമാകില്ല എന്നാണ്. ഈ വിഷയത്തിൽ യൂറോപ്യൻ യൂണിയൻ പലതരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നുണ്ട്. അവരുടെ പരമ്പരാഗത ഭീഷണിയായ റഷ്യ ചൈനയുടെ കൂടെ നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ 'ക്വാഡു'മായി സഹകരിക്കുക എന്നത് ഒരു വഴിയാണ്. എന്നാൽ ഈ വഴിയിൽ ഒരു തടസ്സമായി 'ഒക്കസ്' (എ.യൂ.കെ.യു.എസ്) നിലനിൽക്കുന്നു, പ്രത്യേകിച്ച് ഫ്രാൻസിന്. അതുകൊണ്ടുതന്നെ ഇവിടെ യൂറോപ്യൻ യൂണിയന് ആഭ്യന്തരപരമായി ഒരുമിച്ച് നിൽക്കുന്ന സമീപനം ആവശ്യമാണ്.

മേഖലയിൽ ഇന്ത്യക്കുള്ള പ്രാധാന്യം യൂറോപ്യൻ യൂണിയന് ഇന്ത്യയുമായുള്ള ബന്ധം ആവശ്യമാക്കിത്തീർക്കുകയാണ്. യൂറോപ്യൻ യൂണിയനിലെ നേതാക്കളുമായി കഴിഞ്ഞ മെയ് മാസവും സെപ്റ്റംബർ മാസവും നടന്ന കൂടിക്കാഴ്ചകൾ നിലവിലുള്ള ബന്ധം കൂടുതൽ ശക്തമാക്കാൻ ഉതകുന്നതാണ്. ജർമ്മനി, ഫ്രാൻസ്, യുണൈറ്റഡ് കിങ്ഡം എന്നീ രാജ്യങ്ങളുമായുള്ള പ്രതിരോധ-സഹകരണവും ഒപ്പം സാങ്കേതികപരമായ സഹകരണവും ഇവിടെ മുൻതൂക്കം അർഹിക്കുന്നു.

ACHARYA
An influential mentor

GS 3

# ഊർജ്ജ സംരക്ഷണം

ആഗോള തലത്തിൽ തന്നെ മനുഷ്യസമൂഹത്തിന്റെ ക്ഷേമത്തിന് വളരെ പ്രധാന ഘടകമായി മാറിയിരിക്കുകയാണ് ആവശ്യത്തിന് ഹരിത ഊർജ്ജത്തിന്റെ ലഭ്യത എന്നത്. അതുകൊണ്ടുതന്നെ ഊർജ്ജ സംരക്ഷണത്തിൽ ആഗോള തലത്തിൽ തന്നെ ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളൽ തടയുന്നതിനപ്പുറം വലിയ വളർച്ചാ സാധ്യതയും അന്തര്ലീനമായിരിക്കുന്നുണ്ട്. ഇന്ത്യ വർഷങ്ങൾക്ക് മുമ്പ്തന്നെ ഊർജ്ജ സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. അത്തരം പദ്ധതികൾ രാജ്യത്തെ ഊർജ്ജ സംരക്ഷണത്തിലും ഒപ്പം കാർബൺ ഡയോക്സൈഡ് പുറംതള്ളുന്നത് തടയുന്നതിലും വലിയ പങ്ക് വഹിക്കുന്നുമുണ്ട്.

# രാജ്യത്തെ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികൾ

## ഇന്റർനാഷ്ണൽ സോളാർ അലയൻസ്

ആഗോള തലത്തിൽ തന്നെ ഊർജ്ജോപഭോഗം കുറക്കുന്നതിനും ഒപ്പം പുനരുത്പാദന ഇന്ധനസ്രോതസ്സുകളുടെ ഒരു ശ്രിംഖല സൃഷ്ടിക്കുന്നതിനും ഇന്ത്യയുടെ ഭാഗത്തിനിന്നുണ്ടായ ശ്രമത്തിന്റെ ഫലമാണ് ഇന്റർനാഷ്ണൽ സോളാർ അലയൻസ്. ഉത്തരായണ രേഖക്കും ദക്ഷിണായന രേഖക്കും ഇടയിൽ വർഷത്തിൽ 300 ദിവസത്തിൽ കൂടുതൽ സൂര്യപ്രകാശം ലഭിക്കുന്ന രാജ്യങ്ങളുടെ കൂട്ടായ്മയാണ് ഇത്.

## എനർജി എഫിഷ്യൻസി ഇൻ ബില്ഡിങ്സ്

വികസ്വര രാജ്യങ്ങളിലെ നഗര വികസന പ്ലാനുകളുടെ പ്രധാന ഘടകമാണ് ഊർജ്ജ സംരക്ഷണം സാധ്യമാക്കുന്ന തരത്തിലുള്ള കെട്ടിടങ്ങൾ എന്നത്. രാജ്യത്തെ ഊർജ്ജ ഉപഭോഗത്തിന്റെ അളവ് കുറക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

2018 ൽ ഊർജ്ജ മന്ത്രാലയം പുറത്തിറക്കിയ 'എക്കോ നിവാസ് സംഹിത' രാജ്യത്തെ റെസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിൽ ഊർജ്ജ സംരക്ഷണം നടപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

ACHARYA
An influential mentor

# അടുത്ത വർഷം 5 ജി ലഭ്യമായി തുടങ്ങും

ഇന്ത്യയിലെ പ്രധാന ടെലികോം സ്ഥാപനങ്ങൾ അടുത്ത വർഷം മുതൽ രാജ്യത്ത് തെരെഞ്ഞെടുത്ത നഗരങ്ങളിൽ 5 ജി സേവനം ലഭ്യമാക്കുമെന്ന് ടെലികമ്മ്യൂണിക്കേഷൻ ഡിപ്പാർട്മെന്റ് അറിയിക്കുകയുണ്ടായി.

## എന്താണ് 5 ജി ?

അഞ്ചാം തലമുറയിൽപ്പെട്ട മൊബൈൽ നെറ്റ് വർക്കിനെയാണ് 5 ജി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വസ്തുക്കൾ ഉൾപ്പെടെ മനുഷ്യരെ വെർച്വൽ ആയി ബന്ധിപ്പിക്കാൻ 5 നെറ്റ് വർക്കിന് സാധിക്കും. ഒരു സെക്കൻഡിൽ 20 ജിഗാബൈറ്റ്സ് വരെ വേഗത ലഭ്യമാക്കാൻ 5 ജി നെറ്റ് വർക്കിന് സാധിക്കും

## 5 ജി യുടെ പ്രധാന ഉപയോഗങ്ങൾ

- സ്മാർട്ട് ഫോണുകളിൽ വെർച്ച്വൽ റിയാലിറ്റിയും ഓഗ്മെന്റഡ് റിയാലിറ്റിയുമെല്ലാം കൂടുതൽ ഫലപ്രദമായ രീതിയിൽ അനുഭവവേദ്യമാക്കാൻ സാധിക്കും.

- വളരെ വേഗത്തിലുള്ള വിവര കൈമാറ്റം.

- കൂടുതൽ ഫലപ്രദമായ രീതിയിൽ 'ഇന്റർനെറ്റ് ഓഫ് തിങ്സി'ന്റെ ഉപയോഗം സാധ്യമാക്കും.

## ഇന്ത്യയിൽ 5 ജി നടപ്പാക്കുന്നതിലെ വെല്ലുവിളികൾ

- രാജ്യത്തെ ഫൈബർ കണക്ടിവിറ്റിയുടെ കുറവ്.

- ഇന്ത്യയിലെ 5 ജി സ്പെക്ട്രത്തിന്റെ ഉയർന്ന നിരക്ക്.

ACHARYA
An influential mentor

# ഇന്ത്യയുടെ ഇലക്ട്രോണിക് മേഖല

രാജ്യത്തെ വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന മേഖലകളിൽ ഒന്നാണ് ഇലക്ട്രോണിക് മേഖല. ഇലക്ട്രോണിക് മേഖലയിലെ ആഭ്യന്തര ഉല്പാദനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 25 % ആണ്.

മേഖലക്കാവശ്യമായ ചിപ്പുകൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ പ്രധാനമായും ഇറക്കുമതി ചെയ്യുകയാണ്. ഇത് സൈബർ-സുരക്ഷാ പ്രശ്നം സൃഷ്ടിക്കുകയും രാജ്യത്തിന്റെ പരമാധികാരത്തെയും സുരക്ഷയെയും ബാധിക്കുകയും ചെയ്യുന്നു.

മഹാമാരിയെ തുടർന്ന് ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലെ നിരവധി ചിപ്പ് നിർമ്മാണ യൂണിറ്റുകൾ അടച്ചുപൂട്ടിയതോടെ ഇത്തരം ഇലക്ട്രോണിക് വസ്തുക്കളുടെ ആവശ്യകത വർദ്ധിച്ചു നിൽക്കുന്ന സാഹചര്യമാണ്.

ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് ആവശ്യമായ ഘടകങ്ങൾ ഭൂരിഭാഗവും ഇറക്കുമതി ചെയ്യുന്നതുകൊണ്ടുതന്നെ രാജ്യത്ത് ഇലക്ട്രോണിക് ഉല്പാദനം വർദ്ധിക്കുമ്പോഴും നെറ്റ് വാല്യൂ അഡിഷൻ കാര്യമായി സംഭവിക്കുന്നില്ല.

## ഇന്ത്യ ചെയ്യേണ്ടത്

- സെമികണ്ടക്ടറുകൾ ആധുനിക ഇലക്ട്രോണിക് മേഖലയിലെ പ്രധാന ഘടകമാണ്. ചിപ്പുകൾ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ ഉല്പാദനത്തിനാവശ്യമായ ആഭ്യന്തര സാഹചര്യം സൃഷ്ടിക്കണം.

- രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിനും ഹിന്ദുസ്ഥാൻ ഏറോനോട്ടിക്സിനും മേഖലയിൽ വലിയ രീതിയിൽ സംഭാവന നൽകാനാകും.

- ചിപ്പ് നിർമ്മാണ യൂണിറ്റുകൾ ഉൾപ്പെടെയുള്ളവ വലിയ രീതിയിൽ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നവയാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ സർക്കാരിന്റെ സാമ്പത്തിക സഹായം വലിയരീതിയിൽ ലഭ്യമാകേണ്ടതുണ്ട്.

ACHARYA
An influential mentor

# ലോക വ്യാപാര സംഘടനയും ഇന്ത്യയുടെ കരിമ്പ് സബ്സിഡിയും

കരിമ്പ് കർഷകർക്കുള്ള സബ്സിഡിയുമായി ബന്ധപ്പെട്ട് ലോക വ്യാപാര സംഘടനയുടെ ഭാഗത്ത് നിന്ന് ഇന്ത്യക്കെതിരെയുണ്ടായ വിധിക്കെതിരെ ഇന്ത്യ സംഘടനയുടെ അപ്പാലറ്റ് ബോഡിയിൽ അപ്പീൽ നൽകിയിരിക്കുകയാണ്. കരിമ്പ് കർഷകർക്ക് ഇന്ത്യ നല്കുന്ന സബ്സിഡി 'ഗാട്ട്' കരാറിന് വിരുദ്ധമാണെന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്.

## എന്താണ് വിഷയം?

'ഗാട്ട്' കരാർ പ്രകാരം ഇന്ത്യ കരിമ്പ് കർഷകർക്ക് നൽകുന്ന സബ്സിഡി രാജ്യത്തിൻറെ മൊത്തം കരിമ്പുത്പാദനത്തിന്റെ മൂല്യത്തിന്റെ പത്ത് ശതമാനത്തിൽ കൂടാൻ പാടില്ല. എന്നാൽ ഇപ്പോൾ ഇന്ത്യ കരിമ്പ് കർഷകർക്കായി നൽകുന്ന ആഭ്യന്തര സബ്സിഡിയും കയറ്റുമതി-

സബ്സിഡിയും ഈ പരിധി കടക്കുന്നതാണ് എന്നാണ് ആരോപിക്കപ്പെടുന്നത്. 2019 ൽ ബ്രസീലും ആസ്ത്രേലിയയും ഗ്വാട്ടിമാലയുമാണ് ഇന്ത്യക്കെതിരെ പരാതിയുമായി ലോക വ്യാപാര സംഘടനയെ സമീപിച്ചത്. തുടർന്ന് 120 ദിവസത്തിനകം സബ്സിഡി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലോക വ്യാപാര സംഘടനയുടെ തീരുമാനം വന്നു.

## ഇന്ത്യയുടെ നിലപാട്

ബ്രസീൽ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ പഞ്ചസാര ഉല്പാദന രാജ്യമാണ് ഇന്ത്യ. ഇന്ത്യ ഒരിക്കലും കരിമ്പ് കർഷകർക്ക് നേരിട്ട് സബ്സിഡി നൽകുന്നില്ല എന്നും അതുകൊണ്ടുതന്നെ ലോക വ്യാപാര സംഘടനയുടെ നിബന്ധനകൾ അവിടെ ലംഘിക്കപ്പെടുന്നില്ല എന്നുമാണ് ഇന്ത്യ പറയുന്നത്.

## എങ്ങനെയാണ് ഇന്ത്യയുടെ കരിമ്പ് സബ്സിഡി?

'ഫെയർ ആൻഡ് റെമ്യൂണറേറ്റിവ് പ്രൈസ്' എന്ന പേരിലാണ് ഇന്ത്യ കരിമ്പ് കർഷകരെ സഹായിക്കാനായി സബ്സിഡി നൽകുന്നത്. ഇത് നേരിട്ട് കരിമ്പ് കർഷകർക്ക് നൽകുന്നതല്ല. കരിമ്പ് കർഷകർക്ക് മില്ലുടമകൾ നൽകേണ്ട കുറഞ്ഞ പ്രതിഫലമായാണ് ഇത് കരിമ്പ് കർഷകരിൽ എത്തുന്നത്.

## കരിമ്പ് കൃഷി മേഖലയിലെ പ്രശ്നം

രാജ്യത്ത് പഞ്ചസാരയുടെ ആവശ്യകത കുറഞ്ഞു നിൽക്കുന്നത് മേഖല നേരിടുന്ന പ്രശ്നമായി നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ മില്ലുടമകൾ നഷ്ടത്തിലാകുകയും അവർക്ക് കൃത്യമായി പ്രതിഫലം കർഷകർക്ക് നൽകാൻ സാധിക്കാതെ പോകുകയും ചെയ്യുന്നു.

ഈ സാഹചര്യത്തിൽ പെട്രോളിലും ഡീസലിലും എഥനോൾ ചേർക്കുന്നത് സർക്കാർ നിർബന്ധമാക്കിയിരിക്കുകയാണ്. അങ്ങനെവരുമ്പോൾ ഉല്പാദിപ്പിക്കുന്ന കരിമ്പ് വലിയ ശതമാനം എഥനോൾ നിർമ്മാണത്തിലേക്ക് മാറ്റപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും പഞ്ചസാര ഉല്പാദനം വർദ്ധിക്കാതെ നോക്കാൻ സാധിക്കുകയും അതുവഴി പഞ്ചസാരയുടെ വില ഇടിയുന്നത് പിടിച്ചു നിർത്താനും സാധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

ACHARYA
An influential mentor

# 'ദി ഹിന്ദു' ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്, " അഡ്വാൻസ് നാഷണൽ അക്കൗണ്ട് എസ്റ്റിമേറ്റ്"

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് ആദ്യത്തെ അഡ്വാൻസ് നാഷണൽ അക്കൗണ്ട് എസ്റ്റിമേറ്റ് പുറത്തുവിടുകയുണ്ടായി. 2021 -22 സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉല്പാദനവളർച്ച 9.2 ശതമാനം ആയിരിക്കുമെന്ന് എസ്റ്റിമേറ്റ് പറയുന്നു. ഇത് റിസർവ് ബാങ്ക് ഇഫ് ഇന്ത്യയുടേയും ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിന്റെയും പ്രവചനത്തിനേക്കാൾ കുറവാണ്. 2021-22 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ഉണ്ടായ കോവിഡ് മൂന്നാം തരംഗം സാമ്പത്തിക വളർച്ച അഡ്വാൻസ് നാഷണൽ അക്കൗണ്ട് എസ്റ്റിമേറ്റ് പ്രകാരമുള്ളതിനേക്കാൾ കുറയാനും സാധ്യതയുണ്ട്.

അഡ്വാൻസ് നാഷണൽ അക്കൗണ്ട് എസ്റ്റിമേറ്റ് പ്രകാരം 2021-22 ലെ വിലക്കയറ്റം മാറ്റിനിർത്തിയുള്ള മൊത്ത ആഭ്യന്തര ഉല്പാദനം എന്നത് 147.5 ലക്ഷം കോടി രൂപയാണ്. 2019-20 ൽ ഇത് 145.7 കോടി രൂപയായിരുന്നു. വളരെ ചെറിയ വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ രണ്ടു വർഷമായി രാജ്യത്തിൻറെ സാമ്പത്തിക വളർച്ച ഏതാണ്ട് നിലച്ചതായി തന്നെ പറയാം.

ACHARYA
An influential mentor

2022-23 വർഷത്തെ സാമ്പത്തിക വളർച്ച ഇനി രാജ്യത്തെ സേവിങ്സിനെയും നിക്ഷേപങ്ങളെയും ആശ്രയിച്ചിരിക്കും. പക്ഷെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം ഗ്രോസ് ഫിക്സഡ് ക്യാപിറ്റൽ ഫോർമേഷൻ വളർച്ച ജി.ഡി.പി.യുടെ 29.6 ശതമാനം മാത്രമാണ്. 2022-23 ലെ വളർച്ച നിലവിലെ വിതരണശ്രിംഖലയിലെ പ്രശ്നങ്ങൾ കാരണവും ഉയർന്ന എണ്ണ വില കാരണവും കുറയുന്ന സാഹചര്യമാണ് ഉള്ളത്.

## ചെലവിടലിലെ മുൻഗണനകൾ

ഈ സാഹചര്യത്തിൽ 2022-23 ലെ സർക്കാർ ചെലവിടൽ സ്വകാര്യ ഉപഭോഗം വര്ധിപ്പിക്കുന്നതിലും ഒപ്പം നിക്ഷേപ സാഹചര്യം ഒരുക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഇത്തരം നടപടികളുടെ കൂടെത്തന്നെ ഫിസിക്കൽ കണ്സോളിഡേഷനിലും ശ്രദ്ധ കൊടുക്കേണ്ടത് ആവശ്യമാണ്. സർക്കാരിന്റെ ഫിസിക്കൽ ഡെഫിസിറ്റ് പരിധി ജി.ഡി.പി.യുടെ 5.5 % ആയിരുന്നു. എന്നാൽ ഇത് 6 % ആയി ഉയർന്നിരിക്കുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ടുതന്നെ

സാമ്പത്തിക വളർച്ച തിരിച്ചു പിടിക്കുന്നതിനോടൊപ്പം ഫിസിക്കൽ കൺസോളിഡേഷന് കൂടി പ്രാധാന്യം നൽകേണ്ടതുണ്ട്.

# ചരക്ക്-സേവന നികുതിയും ചില പ്രശ്നങ്ങളും

അന്താരാഷ്ട്ര നാണ്യനിധിയും ലോക ബാങ്കും ഉൾപ്പെടെയുള്ള സംവീധാനങ്ങൾ ശക്തമായി പ്രോത്സാഹിപ്പിച്ച ഒന്നാണ് ചരക്ക് സേവന നികുതി എന്നത്. 2017 ജൂലൈ മാസം മുതൽ ഇന്ത്യയും അത് സ്വീകരിച്ചു. ഇന്ത്യയുടെ നികുതി നവീകരണ ചരിത്രത്തിലെ നാഴികക്കല്ലായി ആണ് അത് കരുതപ്പെട്ടത്. എന്നാൽ ഇപ്പോഴും ചരക്ക്-സേവന നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടാതെ കിടക്കുയാണ്.

## പ്രശ്നങ്ങൾ

ചരക്ക്-സേവന നികുതി കൗൺസിൽ, ജി.എസ്.ടി നെറ്റ്‌വർക്ക് എന്നീ അടിത്തറക്ക് മുകളിലാണ് ചരക്ക് സേവന നികുതി എന്ന സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്. റെവെന്യൂ ന്യൂട്രാലിറ്റിയും സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരവും ഇന്ത്യയിൽ നടപ്പാക്കിയ ചരക്ക്-സേവന നികുതി സംവിധാനത്തിന്റെ പ്രധാന രണ്ടു തൂണുകളാണ്.

ACHARYA
An influential mentor

റവന്യൂ ന്യൂട്രാലിറ്റിയിലൂടെ സംസ്ഥാനങ്ങൾക്ക് പുതിയ സംവിധാനം നടപ്പാക്കുന്നതിലൂടെ നഷ്ടമുണ്ടാകില്ല എന്ന് പ്രഖ്യാപിച്ചു. എന്നാൽ ചരക്ക്-സേവന നികുതി സംവിധാനം നിലവിൽ വന്നതോടെ മിക്ക സംസ്ഥാനങ്ങളുടെയും ടാക്സ്-ജി.ഡി.പി അനുപാതം കുറഞ്ഞതായാണ് കാണുന്നത്. റവന്യൂ ന്യൂട്രൽ റേറ്റിൽ ഉത്പാദന സംസ്ഥാനങ്ങളും ഉപഭോഗ സംസ്ഥാനങ്ങളും തമ്മിൽ പ്രകടമായ വ്യത്യാസം കാണുന്നു. ചെക്ക്പോസ്റ്റുകൾ ഇല്ലാതായതോടെ വലിയ രീതിയിൽ നടന്ന നികുതി വെട്ടിപ്പുകൾ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയും ചെയ്യുന്നു.

ചരക്ക്-സേവന നികുതിയുടെ ഭാഗമായി നിലവിൽ വന്ന നികുതിയിളവുകളും പല നികുതികളും ഒഴിവാക്കിയതും കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ബ്രസീലിൽ നിന്നുള്ള അനുഭവം മനസിലാക്കി തരുന്നത് സബ്സിഡി രൂപത്തിലും മറ്റു സാമൂഹിക ക്ഷേമ പദ്ധതികളുടെ രൂപത്തിലും പണം ജനങ്ങളിലേക്ക്

എത്തിക്കുന്നതാണ് നികുതിയിളവുകൾ നൽകുന്നതിനേക്കാൾ ഗുണകരം എന്നതാണ്.

ചരക്ക്-സേവന നികുതി അംവീധാനം നിലവിൽ വന്നതോടെ ഇന്റഗ്രേറ്റഡ് ജി.എസ് .ടി സംസ്ഥാനങ്ങളുടെ പ്രധാന വരുമാന സ്രോതസ്സായി മാറി. നിലവിൽ ഇന്റഗ്രെറ്റഡ് ജി.എസ്.ടി വരുമാനം വീതിക്കപ്പെടുന്നത് കേന്ദ്രവും ഉപഭോഗ-സംസ്ഥാനവും തമ്മിലാണ്. അതായത് ഉദ്പ്പാദിപ്പിച്ച് കയറ്റി അയക്കുന്ന സംസ്ഥാനത്തിന് ആ വ്യാപാരത്തിന്റെ നികുതി വിഹിതം ലഭിക്കുന്നില്ല. ഇത് ഉദ്പാദകസംസ്ഥാനങ്ങൾക്ക് നഷ്ടമുണ്ടാക്കുകയാണ്. ഇവിടെ ഐ.ജി.എസ്.ടി വിഹിതം ഉല്പാദക സംസ്ഥാനത്തിനുകൂടെ വീതിക്കപ്പെടേണ്ടതുണ്ട്.

# ന്യൂക്ലിയർ ഇന്ധനത്തിന് അനുകൂലമായ വാദം

ചില പുതിയ പഠനങ്ങൾ പ്രകാരം ആഗോള തലത്തിലുള്ള കാർബൺ പുറംതള്ളലിൽ 2021 ആകുമ്പോഴേക്കും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 4.9 ശതമാനം വർദ്ധനവുണ്ടാകും. ഈ സാഹചര്യത്തിൽ കാലാവസ്ഥാവ്യതിയാണ് ചെറുക്കുക എന്നത് ഏറെ ശ്രമകരമാകും.

ACHARYA An influential mentor

ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളലിൽ ഇപ്പോഴും മുൻപന്തിയിൽ നിൽക്കുന്നത് ഊർജ്ജനിർമ്മാണ മേഖലയാണ്. അതുകൊണ്ടുതന്നെ മലിനീകരണത്തിന് കരണമാകില്ല എന്ന് കരുതുന്ന ന്യൂക്ലിയർ ഊർജ്ജം ശ്രദ്ധാകേന്ദ്രമാകുകയാണ്. എന്നാൽ കാലാവസ്ഥാവ്യതിയാനം തടയാനായി ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ന്യൂക്ലിയർ ഇന്ധനം ഉപയോഗിക്കുന്നതിലെ യുക്തിയെ ചില ശാസ്ത്രജ്ഞർ ചോദ്യം ചെയ്യുകയാണ്.

## ന്യൂക്ലിയർ ഇന്ധനത്തിന് അനുകൂലമായ വാദം

- ഹരിത ഊർജ്ജമായി കണക്കാക്കുന്ന സൗരോർജ്ജമായാലും കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന ഇന്ധനമായാലും യഥാക്രമം സൂര്യപ്രകാശവും കാറ്റും ഉള്ള സാഹചര്യത്തിൽ മാത്രമേ ഉല്പാദനം നടക്കുകയുള്ളൂ. എന്നാൽ ന്യൂക്ലിയർ ഇന്ധനം അടിസ്ഥാനമാക്കിയുള്ള ഊർജ്ജനിർമ്മാണം മുഴുവൻ സമയവും നടക്കും.

- ന്യൂക്ലിയർ പവർ പ്ലാന്റുകളുടെ നടത്തിപ്പ് ചെലവ് കുറഞ്ഞതാണ്.

## ന്യൂക്ലിയർ ഇന്ധനത്തിന് പ്രതികൂലമായ വാദം.

- ഒരു ന്യൂക്ലിയർ പവർ പ്ലാന്റിന്റെ മുഴുവൻ പ്രവർത്തനകാലഘട്ടവും കണക്കിലെടുക്കുകയാണെങ്കിൽ അവയും സാരവത്തായ രീതിയിൽ കാർബൺ പുറംതള്ളുന്നതായി കണക്കാക്കേണ്ടിവരും.

- കാറ്റിൽനിന്നും സൂര്യപ്രകാശത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ നാലിരട്ടി ചെലവ് ന്യൂക്ലിയർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ ആവശ്യമാണ്.

- ന്യൂക്ലിയർ പവർ പ്ലാന്റ്കൾ തന്നെ കാലാവസ്ഥാവ്യതിയാനത്തിന്റെ ഇരയായി മാറിക്കൊണ്ടിരിക്കുകയാണ്. ചൂട് വർദ്ധിക്കുന്നതിന് ഫലമായി പല ന്യൂക്ലിയർ പവർ പ്ലാന്റുകളും പ്രവർത്തനം താത്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

- ന്യൂക്ലിയർ ഇന്ധനം അടിസ്ഥാനമാക്കിയുള്ള ഊർജ്ജനിർമ്മാണത്തിന്റെ പ്രധാന ദോഷം എന്നത് സൃഷ്ടിക്കപ്പെടുന്ന ന്യൂക്ലിയർ അവശിഷ്ടങ്ങളാണ്.

ACHARYA
An influential mentor